(സി) സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നതുവരെ എയ്ഡഡ് കോളേജുകളിൽ സ്വാശ്രയാടിസ്ഥാനത്തിൽ മാത്രം പുതിയ കോഴ്സ് അനുവദിച്ചാൽ മതിയെന്ന നിലപാടാണ് സർക്കാരിന്. എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ അനുവദിക്കേണ്ടെന്ന നിലപാടാണ് കേരള സർവ്വകലാശാലയ്ക്ക്. സർക്കാരിന്റെ നയം പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് നിരവധി കോളേജുകൾ എയ്ഡഡും അൺ എയ്ഡഡും ആധുനിക കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കേരള സർവ്വകലാശാലയുടെ കീഴിലുള്ള എയ്ഡഡ് കോളേജുകളിൽ ആധുനിക കോഴ്സുകൾ അനുവദിക്കാനാവാമെന്ന നിലയിലാണ്. സർക്കാരിന്റെ സാമ്പത്തിക നിലയും ആധുനിക കോഴ്സുകളുടെ അനിവാര്യതയും വിദ്യാർത്ഥി സമൂഹത്തിന്റെ നന്മയും കണക്കിലെടുത്ത് കേരള സർവ്വകലാശാലയും സർക്കാരിന്റെ നിലപാടിലേക്ക് എത്തുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. ഇക്കാര്യത്തിൽ കേരള സർവ്വകലാശാല നിരത്തുന്ന ദുഷ്യഫലങ്ങൾ മറ്റു സർവ്വകലാശാലകളിൽ കോഴ്സുകൾ ആരംഭിച്ചപ്പോൾ ഉണ്ടായിട്ടില്ല എന്നതും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

അഫിലിയേഷൻ വ്യവസ്ഥകൾ പാലിക്കാതിരുന്ന കോളേജുകൾ

115 [5781] ശ്രീ. സി. പി. മുഹമ്മദ്:
,, വർക്കല കഹാർ:
,, എ. കെ. മണി:
,, എം. എ. ചന്ദ്രശേഖരൻ:
,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്ക് സംസ്ഥാനത്തുള്ള സർവ്വകലാശാലകൾ അഫിലിയേഷൻ നൽകിയത് എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലായിരുന്നു;

(ബി) 2002-2003-ൽ സംസ്ഥാനത്തുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയപ്പോൾ ഈ വ്യവസ്ഥകൾ പാലിച്ചുവോ;

(സി) ഇല്ലെങ്കിൽ ഏതെല്ലാം കോളേജുകളാണ് വ്യവസ്ഥകൾ പാലിക്കാതിരുന്നതെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(ഡി) അഫിലിയേഷൻ നൽകിയപ്പോഴുള്ള വ്യവസ്ഥകൾ പാലിക്കാതിരുന്ന കോളേജുകളുടെ മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) ഒരു നടപടിയുമെടുക്കാത്തപക്ഷം അതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ അനുമതിക്കും എ.ഐ.സി.റ്റി.ഇ./എൻ.സി.റ്റി.ഇ./എം.സി.ഐ./ഡി.സി.ഐ./സി.സി.എച്ച്. തുടങ്ങിയ നാഷണൽ കൗൺസിലുകളുടെ അംഗീകാരത്തിനും വിധേയമായി സംസ്ഥാന സർക്കാരിന്റെയും യൂണിവേഴ്സിറ്റിയുടെയും നിയമങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായിട്ടായിരിക്കും എന്ന വ്യവസ്ഥയിലാണ് അഫിലിയേഷൻ നൽകിയിട്ടുള്ളത്.

(ബി—ഇ) യൂണിവേഴ്സിറ്റികളിൽ നിന്നും പൂർണ്ണമായ വിവരം ലഭിച്ചിട്ടില്ല. വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly